**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1303** **12-02-2025 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദസഞ്ചാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സാഹസിക വിനോദസഞ്ചാര മേഖലയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കോവിഡാനന്തര ടൂറിസം രംഗത്ത് ഗണ്യമായ മാറ്റങ്ങൾ വരുത്തുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി സാഹസിക ടൂറിസത്തിലും നൂതന ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. കേരളം എല്ലാ തരത്തിലുമുള്ള സാഹസിക വിനോദങ്ങൾക്കും സാധ്യമായ സ്ഥലമാണെന്ന് തെളിയിക്കുന്നതിനായി അന്തർദേശീയ നിലവാരത്തിലുള്ള സാഹസിക ഫെസ്റ്റിവലുകൾ വിവിധ ഭാഗങ്ങളിലായി സംഘടിപ്പിച്ചു വരുന്നു. വാഗമണ്ണിൽ കേരള ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വാഗമൺ അഡ്വഞ്ചർ പാർക്കിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ കാന്റി ലിവർ ഗ്ലാസ്സ് ബ്രിഡ്ജ് നിർമ്മാണം പൂർത്തീകരിച്ച് സഞ്ചാരികൾക്കായി തുറന്നു നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ നൂതന ആശയമായ കാരവൻ ടൂറിസം കേരളത്തിൽ പ്രവർത്തനം ആരംഭിച്ചതും ടൂറിസം നയത്തിന്റെ ഭാഗമായാണ് . കാരവൻ പാർക്കുകളോട്ടു കൂടി അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുന്നതിനും ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നു.<br><br>യൂറോപ്പിലും മറ്റു വിദേശ രാജ്യങ്ങളിലും പ്രചാരത്തിലുള്ള ഹൈക്കിംഗ് ട്രെയൽസ് കേരളത്തിലെ എല്ലാ ജില്ലകളിലും മാപ്പ് ചെയ്യുന്നതിന് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നു. ഹൈക്കിംഗ് ആക്ടിവിറ്റികളിൽ എല്ലാ ആളുകൾക്കും പങ്കെടുക്കാൻ കഴിയുന്നതും നമ്മുടെ പ്രകൃതിയെ തൊട്ടറിയുന്നതിനും വേണ്ടിയുള്ള അവസരം സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് ഇതിലൂടെ കാണുന്നത് . നിലവിൽ മൂന്നാറിലെ ലക്ഷ്മി എസ്റ്റേറ്റിലെ ട്രയലും ഇരവികുളം നാഷണൽ പാർക്കിലെ ആനമുടി ട്രയൽ റൂട്ടും ഹൈക്കിംഗിനായി മാപ്പിംങ് നടത്തിക്കഴിഞ്ഞു. കേരളത്തിൽ എല്ലാ ജില്ലകളിലുമായി 100 ൽ പരം ഹൈക്കിംഗ് ട്രയൽസ് മാപ്പ് ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| | | | സാഹസിക ടൂറിസം ഇനങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പാരാഗ്ലൈഡിങ് നിലവിൽ വാഗമണ്ണിലും വർക്കലയിലും നടത്തിവരുന്നു.<br><br>കോഴിക്കോട് ജില്ലയിലെ മാറാട്, ബേപ്പൂർ എന്നിവിടങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 10 പേർക്ക് സർഫിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ കേരളത്തിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങൾ രണ്ടുമാസത്തെ സർഫിംഗ് ട്രെയിനിങ് നടത്തുകയുണ്ടായി . റെസ്പോൺസിബിൾ ടൂറിസം മിഷനുമായി ചേർന്നാണ് ഈ പരിശീലനം നൽകിയത് .<br><br>സംസ്ഥാനത്തിന്റെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെയും നേതൃത്വത്തിൽ ട്രെയിനിങ് വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായി രൂപീകരിക്കുകയും അവരെ ചേർത്തുകൊണ്ട് കേരളത്തിൽ ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി രൂപീകരിച്ചു . വിവിധ ജലസാഹസിക ടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>**പ്രധാന ഫെസ്റ്റിവലുകൾ**<br><br>അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ ആകർഷിക്കുന്നതിന് വേണ്ടി ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി വിവിധങ്ങളായിട്ടുള്ള അന്താരാഷ്ട്ര സാഹസിക ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നു. അവയിൽ പ്രധാനപ്പെട്ട മത്സരങ്ങൾ താഴെ പറയുന്നു.<br><br>• മലബാർ റിവർ ഫെസ്റ്റിവൽ, അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് ചാമ്പ്യൻഷിപ്പ്<br>• ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്<br>• MTB Kerala<br>• ചാലിയാർ റിവർ ചലഞ്ച്<br>• വാഗമൺ പാരഗ്ലൈഡിംഗ് ഫെസ്റ്റിവൽ<br>• അൾട്ര മാരത്തോൺ മൂന്നാർ മുതൽ തേക്കടി വരെ<br>• അന്താരാഷ്ട്ര സർഫിംഗ് ചാമ്പ്യൻഷിപ്പ് |
| (ബി) | പ്രസ്തുത മേഖലയിൽ എന്തൊക്കെ നടപടികളാണ് പുതുതായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ടൂറിസം വകുപ്പിന്റെ സഹായത്തോടെ കേരളത്തിലെ വിവിധ ബീച്ചുകളിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സാങ്കേതിക സാഹചര്യങ്ങൾ വിലയിരുത്തി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി സാഹസിക |

| | | | | |
|---|---|---|---|---|
| | | | | ആക്ടിവിറ്റികൾ (ATV Ride, Sea Kayaking, Surfing, Scuba Diving, Para sailing, Speed Boat, Jet Skie, Power Boat Fun Rides, Wind Surfing, etc.) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിൽ കര, ജല, വായു മേഖലയുമായി ബന്ധപ്പെട്ട എല്ലാ സാഹസിക ആക്ടിവിറ്റികൾക്കും യോജിച്ച ഭൂപ്രകൃതിയാണ് എന്ന് ലോകത്തെ അറിയിക്കുന്നതിനും അതുവഴി കൂടുതൽ വിദേശ സഞ്ചാരികളേയും ഇതര സംസ്ഥാന സഞ്ചാരികളെയും കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി ടൂറിസം വകുപ്പ് വിവിധങ്ങളായ അന്തർദേശീയ സാഹസിക ടൂറിസം ഫെസ്റ്റിവലുകളും ചാമ്പ്യൻഷിപ്പുകളും സംഘടിപ്പിച്ചു വരുന്നു.<br><br>**മൂന്നാറിൽ പാരാഗ്ലൈഡിങ്ങിനുള്ള പദ്ധതി** – സാഹസിക ടൂറിസത്തിന്റെ മുൻനിരയിലുള്ള പാരാഗ്ലൈഡിങ് നിലവിൽ വാഗമണ്ണിലും വർക്കലയിലും ആണ് നടക്കുന്നത്. മൂന്നാറിലെ ചിന്നക്കനാൽ പ്രദേശത്തിന് അനുകൂലമായ സ്ഥലവും കാലാവസ്ഥയും ഉണ്ട്. ഇവിടെ പാരാഗ്ലൈഡിങ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**വാഗമൺ അഡ്വഞ്ചർ പാർക്ക്** - ഭാവിയിൽ കൂടുതൽ സാഹസിക വിനോദങ്ങൾ ഉൾപ്പെടുത്തി വാഗമൺ ഒരു സാഹസിക ടൂറിസം കേന്ദ്രമാക്കി മാറ്റാനാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്.<br><br>**അഡ്വഞ്ചർ ട്രെയിനിംങ് പ്രോഗ്രാം** - ടൂറിസം വകുപ്പിന് കീഴിലുള്ള കിറ്റ്സുമായി സഹകരിച്ച് 7 ദിവസം നീണ്ടു നിൽക്കുന്ന അഡ്വഞ്ചർ ബേസിക് ട്രെയിനിംങ് കോഴ്സ് മാർച്ച് 2025 ൽ ആരംഭിക്കാൻ പദ്ധതിയുണ്ട് |

സെക്ഷൻ ഓഫീസർ